പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5785 — 05/07/2013 -ൽ മറുപടിക്ക്

**<u>രജിസ്ട്രേഷൻ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിഭാഗം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, കെ. അച്ചുതൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിഭാഗം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | എ) രജിസ്ട്രേഷൻ വകുപ്പിൽ, രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ തലവനായ ഒരു ഇന്റേണൽ വിജിലൻസ് വിഭാഗം ഇപ്പോൾതന്നെ പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) വകുപ്പിനെക്കുറിച്ചുള്ള പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയെന്നതാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. |
| സി) വകുപ്പിലെ തെറ്റായ പ്രവണതകൾക്ക് തടയിടാൻ പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ; | സി) വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും, വകുപ്പ് പരാതി രഹിതമാക്കുവാനും സഹായകമാകും. |
| ഡി) പ്രസ്തുത സംവിധാനം രൂപീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി, അതിന്റെ ഘടന പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.